പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 224 | 18/06/2014-ൽ മറുപടിയ്ക്ക്

## രജിസ്റ്റേർഡ് ഫാർമസിസ്റ്റുകളുടെ സേവനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. മാത്യു റ്റി. തോമസ്<br>ശ്രീ. സി. കെ നാണു<br>ശ്രീ. ജോസ് തെറ്റയിൽ<br>ശ്രീമതി. ജമീല പ്രകാശം | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ഫാർമസി ആക്റ്റിന്റെ സെക്ഷൻ 42 അനുസരിച്ച് എല്ലാ സർക്കാർ ആശുപത്രികളിലും ഫാർമസികളിലും മെഡിക്കൽ സ്റ്റോറുകളിലും യോഗ്യതയുള്ള രജിസ്റ്റേർഡ് ഫാർമസിസ്റ്റുകൾ തന്നെ കൈകാര്യം ചെയ്യേണ്ടതാണെന്നുള്ള വ്യവസ്ഥ ലംഘിക്കപ്പെടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആരോഗ്യ-മെഡിക്കൽ വിദ്യാഭ്യാസ വകുപ്പുകളുടെ കീഴിലുള്ള ആശുപത്രികളിൽ നിശ്ചിത യോഗ്യതയുള്ള രജിസ്റ്റേർഡ് ഫാർമസിസ്റ്റുമാരെയാണ് നിയമിച്ചിട്ടുള്ളത്. |
| (ബി) ഉണ്ടെങ്കിൽ അപ്രകാരം യോഗ്യതയുള്ള രജിസ്റ്റേർഡ്ഫാർമസിസ്റ്റുകൾ ഇല്ലാത്ത ഫാർമസികളും മെഡിക്കൽ സ്റ്റോറുകളും കേരളത്തിലുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; | (ബി) ഫാർമസി നിയമങ്ങൾ ലംഘിക്കപ്പെടുന്നത് കണ്ടെത്തുന്നതിനായി സംസ്ഥാന ഫാർമസി കൗൺസിൽ ഫാർമസി ഇൻസ്പെക്ടർമാരെ നിയമിച്ചിട്ടുണ്ട്. നിലവിൽ 7 പാർട്ട് ടൈം ഇൻസ്പെക്ടർമാരാണുള്ളത്. ഫാർമസി നിയമങ്ങൾ ലംഘിക്കപ്പെടുന്നത് |

| | |
|---|---|
| | തടയണമെന്ന ബഹു. മനുഷ്യാവകാശ കമ്മീഷന്റെ വിധി പ്രസ്താവന നടപ്പിലാക്കുന്നതിനായി കർശന നടപടികൾ സ്വീകരിക്കുവാൻ ഫാർമസി കൗൺസിൽ ഇൻപെക്ടർമാർക്ക് പ്രത്യേകം നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (സി) ബാധകമല്ല. |
| (ഡി) ഫാർമസിസ്റ്റുകളുടെ നിലവിലുള്ള പി. എസ്.സി റാങ്ക് ലിസ്റ്റിൽ നിന്നും സർക്കാർ ആശുപത്രികളോടനുബന്ധിച്ചുള്ള ഫാർമസികളിൽ ഫാർമസിസ്റ്റുകളെ നിയമിക്കുന്നതിലെ കാലതാമസം ഒഴിവാക്കുവാനുള്ള നടപടി സ്വീകരിക്കുമോ? | (ഡി) സർക്കാർ ആശുപത്രികളോട് അനുബന്ധിച്ചുള്ള ഫാർമസികളിൽ ഫാർമസിസ്റ്റിന്റെ ഒഴിവ് വരുന്ന മുറയ്ക്ക് പ്രസ്തുത ഒഴിവ് പി എസ്.സിയ്ക്ക് അതാത് ജില്ലാ മെഡിക്കൽ ഓഫീസർ മുഖേന റിപ്പോർട്ട് ചെയ്യപ്പെടുകയും പി. എസ്.സി വഴി കാലതാമസം കൂടാതെ നിയമനം നടത്തുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ